# പതിമൂന്നാം കേരള നിയമസഭ
# എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 718 — 20.03.2013 ൽ മറുപടിക്ക്

## ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ) | കേരളത്തിലെ എല്ലാ താലൂക്ക് ആശുപത്രികളോടും ചേർന്ന് ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ; | (എ) | കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുവാൻ 05.02.2013 ലെ ജി.ഒ. (ആർ.ടി) നമ്പർ 114/2013/റ്റി.ഡി പ്രകാരം ഉത്തരവായിട്ടുണ്ട്. ചിറയിൻകീഴ്, കൊട്ടാരക്കര, പുനലൂർ, ചേർത്തല, ആലപ്പുഴ, റാന്നി, ചങ്ങനാശ്ശേരി, പീരുമേട്, മൂവ്വാറ്റുപുഴ, പറവൂർ, വടക്കാഞ്ചേരി, കുന്നംകുളം, ഒറ്റപ്പാലം, മണ്ണാർക്കാട്, കൊയിലാണ്ടി, താമരശ്ശേരി, തളിപ്പറമ്പ്, നീലേശ്വരം, സുൽത്താൻബത്തേരി എന്നീ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിലും നെയ്യാറ്റിൻകര, നെടുമങ്ങാട്, കാഞ്ഞങ്ങാട് എന്നീ ജില്ലാ ആശുപത്രികളിലും അടൂർ, പാലാ, തലശ്ശേരി, കൽപ്പറ്റ എന്നീ ജനറൽ ആശുപത്രികളിലും തിരുവനന്തപുരം ഫോർട്ട് ആശുപത്രിയിലും ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുവാനുള്ള അനുമതിയായിട്ടുണ്ട്. |
| ബി) | എം. എൽ. എ. മാരുടെ പ്രാദേശിക വികസനഫണ്ടിൽ നിന്നോ, എൽ. എസ്. ജി. ഡി. കളുടെ ഫണ്ടിൽ നിന്നോ ഡയാലിസിസ് സെന്റർ തുടങ്ങിയാൽ ആവർത്തനച്ചെലവുകൾ സർക്കാർ വഹിക്കുന്നതിന് നടപടി സ്വീകരിക്കാമോ ; വിശദമാക്കാമോ ; | (ബി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | ഗ്രാമപ്രദേശങ്ങളിലെ വൃക്കരോഗികൾ ടൗണുകളിലെ വൻകിട ആശുപത്രികളിലും, മെഡിക്കൽ കോളേജിലും പോയി ഡയാലിസിസ് നടത്തുന്നതിനുള്ള പ്രയാസങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | ഇതിന് പരിഹാരം കാണുന്നതിന് മേൽ പ്രസ്താവിച്ച കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കുമോ ? | (ഡി) | കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ 27 സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങുവാൻ ജി.ഒ. (ആർ.ടി) നമ്പർ 114/2013/റ്റി.ഡി തീയ്യതി 05.02.2013 പ്രകാരം അനുമതിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ